# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.653 — 04/02/2020-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന് കൈമാറിയ ഭൂമി

| | ചോദ്യം<br><br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി പൊൻമുടി ഡാം പ്രദേശത്ത് കെ.എസ്.ഇ.ബി.ക്ക് റവന്യൂ വകുപ്പ് കൈമാറിയ സ്ഥലത്ത് നിന്നും 21 ഏക്കർ സ്ഥലം അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കുന്നതിനായി രാജാക്കാട് സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ടോ; | (എ) | വൈദ്യുതി ബോർഡിന്റെ പൊൻമുടി ഡാം പ്രദേശത്ത് ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനായി കേരള ഹൈഡൽ ടൂറിസം സെന്ററും രാജാക്കാട് സഹകരണ ബാങ്കും തമ്മിലുള്ള വരുമാന പങ്കിടൽ പദ്ധതിയുടെ ഭാഗമായി കേരള ഹൈഡൽ ടൂറിസം സെന്ററിന് പ്രസ്തുത പ്രദേശം ടൂറിസം പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകുകയാണുണ്ടായത്. പ്രസ്തുത 21 ഏക്കർ സ്ഥലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിൽ തന്നെയാണ് ഉള്ളത്. |
| (ബി) | പ്രസ്തുത സഹകരണ ബാങ്ക് കെ.എച്ച്.റ്റി.സി.ക്ക് എത്ര ശതമാനം വരുമാന പങ്കാളിത്തമാണ് ഉറപ്പ് നൽകിയിട്ടുള്ളത്; | (ബി) | 20% വരുമാന പങ്കാളിത്തമാണ് ഉറപ്പ് നൽകിയിട്ടുള്ളത്. |
| (സി) | അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണത്തിനായി ടെൻഡർ ക്ഷണിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് അതിൽ പങ്കെടുത്തത്; ഓരോ സ്ഥാപനവും നൽകിയ ഓഫറുകൾ എന്തൊക്കെയായിരുന്നു; | (സി) | കെ.എച്ച്.റ്റി.സി. ടെൻഡർ ക്ഷണിച്ചിരുന്നു.<br>4 സഹകരണ സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിരുന്നു.<br>1. മലനാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br>2. രാജാക്കാട് റൂറൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.<br>3. രാജാക്കാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 342.<br>4. നാഷണൽ എനർജി വേസ്റ്റ് മാനേജ്മെന്റ് കോ-ഓപ്പറേറ്റീവ് മൾട്ടി പർപ്പസ് സൊസൈറ്റി.<br>ഇവയിൽ രണ്ടും നാലും നമ്പരായി കാണിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ നിരത ദ്രവ്യം വച്ചിട്ടില്ലാതിരുന്നതിനാൽ |

| | | | |
|---|---|---|---|
| | | | അവരുടെ ടെണ്ടറുകൾ അസാധുവായി പരിഗണിക്കുകയുണ്ടായി.<br>സാധുവായ ടെണ്ടറുകളിൽ ക്രമനമ്പർ ഒന്നായി കാണിച്ചിരിക്കുന്ന സ്ഥാപനം 16% വരുമാന വിഹിതവും, ക്രമനമ്പർ മൂന്നായി കാണിച്ചിട്ടുള്ള സ്ഥാപനം അതായത് രാജാക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 20% വരുമാന വിഹിതവുമാണ് ഓഫറായി നൽകിയത്. |
| (ഡി) | പ്രത്യേക ആവശ്യത്തിനായി വൈദ്യുതി ബോർഡിന് കൈമാറിയ തരിശ് ഭൂമി ബോർഡ് മറ്റൊരു സ്ഥാപനത്തിന് മറിച്ച് പാട്ടത്തിന് നൽകിയത് നിയമവിധേയമല്ലെന്ന് 07.11.2019-ലെ നക്ഷത്രചിഹ്നമിടാത്ത 3188-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി റവന്യൂ വകുപ്പ് മന്ത്രി മറുപടി നൽകിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിന് ആയിരിക്കെ നിയമവിരുദ്ധമായി ഭൂമി സഹകരണ ബാങ്കിന് കൈമാറ്റം ചെയ്ത നടപടി പുനഃപരിശോധിക്കുമോ? | (ഇ) | കെ.എസ്.ഇ.ബി.ലിമിറ്റഡ് യാതൊരു ഭൂമിയും നിയമവിരുദ്ധമായി ഏതെങ്കിലും സഹകരണ ബാങ്കിന് കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ ലഭിച്ച പരാതി (ഫയൽ നം.A2/245/19/RD) റവന്യൂ വകുപ്പിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ